**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4546 — 17.12.2014 ൽ മറുപടിയ്ക്ക്

**പിന്നോക്ക സമുദായക്ഷേമ കോർപ്പറേഷന്റെ കീഴിൽ പുതിയ വായ്പാ പദ്ധതികൾ.**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി.യു. കുരുവിള | | **ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ നൽകി വരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിക്ക് സമാനമായി, കൂടുതൽ തുക നൽകുന്ന തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; | (എ) | കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ദേശീയ കോർപ്പറേഷനുകളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിയായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ദേശീയ കോർപ്പറേഷനുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വായ്പാ തുകയും മാനദണ്ഡങ്ങളും അനുസരിച്ചാണ് കോർപ്പറേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. നിലവിൽ സ്വയംതൊഴിൽ വായ്പാ പദ്ധതിയ്ക്ക് സമാനമായി കൂടുതൽ തുക നൽകുന്ന തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) | കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | NBCFDC, NMDFC എന്നീ ദേശീയ കോർപ്പറേഷനുകളുടെ നിബന്ധനകൾക്ക് വിധേയമായി പുതിയ പദ്ധതികൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

Vijayan

**സെക്ഷൻ ഓഫീസർ**